(ബി) ഈ സ്ത്രീകളെ മറ്റേതെങ്കിലും തൊഴിൽ മേഖലയിൽ സ്ഥിരപ്പെടുത്തുന്നതിനോ പ്രസ്തുത സ്ഥാപനം വ്യവസായ വകുപ്പുമായി ചേർന്ന് പുനരുജ്ജീവിപ്പിക്കുന്നതിനോ നടപടി സ്വീകരിക്കുമോ;

(സി) നല്ല രീതിയിൽ പ്രവർത്തിച്ചിരുന്ന സിൽക്ക് റീലിംഗ് യൂണിറ്റ് പൂട്ടാനുള്ള തീരുമാനം ആരുടേതാണെന്നും പ്രസ്തുത സ്ഥാപനം ഇവിടെ നിന്നും മാറ്റിയതിലെ ഉദ്ദേശ്യം എന്താണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. സെറിഫെഡ് എന്ന സ്ഥാപനത്തിന് കീഴിൽ പ്രവർത്തിച്ചുവരുന്ന കാസർഗോഡ് ജില്ലയിലെ ഉദുമയിലും ആലപ്പുഴ ജില്ലയിലെ പട്ടണക്കാടും പ്രവർത്തിച്ചുവരുന്ന സിൽക്ക് റീലിംഗ് കേന്ദ്രങ്ങൾ സെറിഫെഡ് ലിക്വിഡേറ്റ് ചെയ്യാൻ തീരുമാനിച്ച സാഹചര്യത്തിൽ 15-3-2010-ൽ ഖാദി ബോർഡിന് കൈമാറിയിരുന്നു. എന്നാൽ സെറിഫെഡ് പുനരുദ്ധരിച്ച സാഹചര്യത്തിൽ ആയത് സെറിഫെഡിലേയ്ക്ക് തന്നെ മാറ്റുന്നതിന് ഉത്തരവായിരുന്നു. ഈ വിഷയത്തിൽ തൊഴിലാളികൾ ജോലി സ്ഥിരത ആവശ്യപ്പെട്ട് നടത്തിയ സമരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ തൊഴിലാളികൾക്ക് ഉണ്ടായിരുന്ന ആശങ്ക ഖാദി ബോർഡ് സെക്രട്ടറി നേരിട്ട് അവരുമായി ചർച്ച ചെയ്ത് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സമരം അവസാനിപ്പിച്ചിരുന്നു.

(ബി&സി) പ്രസ്തുത സ്ഥാപനം സെറിഫെഡിന്റെ യൂണിറ്റായി പ്രവർത്തിപ്പിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ്

115(2153) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിൻ കീഴിലുള്ള പൊതു മേഖലാ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് സമയബന്ധിതമായി തീർക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

GPM. 2/243/2020-28

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ യഥാർത്ഥ സാമ്പത്തിക സ്ഥിതി അറിയുന്നതിനായി സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടി ആഡിറ്റ് കുടിശ്ശികയുള്ള കമ്പനികളെ പ്രത്യേകം അവലോകനം ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. ലാഭനഷ്ടക്കണക്കുകളുടെ നിജസ്ഥിതി അറിയുന്നതിനും ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിനും, മത്സരാധിഷ്ഠിത ടെണ്ടറുകളിൽ പങ്കെടുക്കുന്നതിനും കണക്കുകൾ പൂർത്തീകരിക്കണമെന്ന നിബന്ധനകൾ പാലിക്കേണ്ട സാഹചര്യം ഉള്ളതിനാൽ സർക്കാർ മുന്തിയ പരിഗണന നൽകി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇന്റേണൽ ആഡിറ്റിംഗ് കൂടുതൽ ശക്തമാക്കി. ഇതിനായി ആഡിറ്റേഴ്സിന്റെ ഒരു പാനൽ തയ്യാറാക്കി ഇതിൽ നിന്നും ആഡിറ്ററെ നിയമിക്കാനുള്ള നിർദ്ദേശം എല്ലാ കമ്പനികൾക്കും നൽകിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ ധനകാര്യ വിഭാഗത്തിൽ ആ മേഖലയിൽ വൈദഗ്ധ്യമുള്ളവരുടെ സേവനം ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്. ബോർഡ് തലത്തിൽ ആഡിറ്റ് കമ്മിറ്റി രൂപീകരിച്ച് കൃത്യമായ നിരീക്ഷണ വിലയിരുത്തൽ നടത്തിവരുന്നു. സ്ഥാപനങ്ങളുടെ ആഡിറ്റ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന്റെ പുരോഗതി RIAB മുഖേന അവലോകനം ചെയ്യുവരുന്നുണ്ട്. സർക്കാർ തലത്തിലും ആഡിറ്റുകളുടെ പൂർത്തീകരണം സംബന്ധിച്ച പ്രത്യേക അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് റിപ്പോർട്ടിന്റെ വിശദമായ അവലോകനവും നടത്തിവരുന്നു. ഇതുകൂടാതെ അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസിൽ നിന്നുള്ള ആഡിറ്റ് സംവിധാനവും നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly